സർവ്വകലാശാലകളിലെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ

22 (1039) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ നിലവിൽ എത്രയാണെന്നും അവ ഓരോന്നിലും നിലവിലുള്ള ഒഴിവുകൾ എത്ര വീതമാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) സർവ്വകലാശാല അനദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചിരുന്നത് എപ്പോഴായിരുന്നു ;

(സി) അതിനുശേഷം സർവ്വകലാശാലകൾ നേരിട്ട് നിയമനം നടത്തുകയുണ്ടായോ ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര വീതം നിയമനം നടത്തുകയുണ്ടായി ;

(ഡി) സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർവ്വകലാശാലകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സംബന്ധിച്ച് സർവ്വകലാശാലകൾ ലഭ്യമാക്കിയ ഏകദേശ വിവരം അനുബന്ധമായി ചേർക്കുന്നു.**

(ബി) 18-12-2010-ലെ സ.ഉ.(കൈ)199/10/ഉവിവ, 4-2-2011-ലെ സ.ഉ.(കൈ) നമ്പർ 11/2011/ഉവിവ എന്നീ ഉത്തരവുകളിലൂടെയാണ് സർവ്വകലാശാല അനദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചത്.

(സി) നിയമന നടപടികൾ നേരത്തെ ആരംഭിച്ചിരുന്ന സർവ്വകലാശാലകൾക്ക് നിലവിലെ നിയമം അനുസരിച്ച് നിയമനം തുടരുന്നതിന് അനുമതി നൽകിയിരുന്നു.

(ഡി) നടപടികൾ സ്വീകരിച്ചുവരികയാണ്.

റൂസ (RUSA) നടപ്പാക്കാൻ പദ്ധതി

23 (1040) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂസ (RUSA) നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ, നടത്തിപ്പിന്റെ കേന്ദ്ര സംസ്ഥാന വിഹിതം എന്നിവ വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 'റൂസ' പദ്ധതി നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഒരു സമ്മതപത്രം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) 18-നും 23-നും ഇടയ്ക്ക് പ്രായമുള്ള ഇന്ത്യൻ ജനതയുടെ ഉന്നത വിദ്യാഭ്യാസ പ്രവേശനം നിലവിലുള്ള 19.4%-ൽനിന്നും 13-ാം പദ്ധതികാലത്തിനകം 34% ആയി ഉയർത്തുക, Access, Equity, Excellance എന്നിവ മുൻനിർത്തി നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടെയും നിലവാരം ഉയർത്തുക, വിദ്യാഭ്യാസ പരീക്ഷാ പരിഷ്കാരം നടപ്പിലാക്കുക, നിലവിലുള്ള തെരെഞ്ഞെടുത്ത കോളേജുകളെ സർവ്വകലാശാലകളായി ഉയർത്തുക, പിന്നോക്ക വിഭാഗങ്ങൾ/വനിതകൾ/ഭിന്നശേഷിയുള്ളവർ എന്നിവർക്ക് ഉന്നത വിദ്യാഭ്യാസരംഗത്ത് തുല്യത ഉറപ്പാക്കുക, ഗവേഷണങ്ങൾക്കും നൂതന ആശയങ്ങൾക്കും പ്രാമുഖ്യം നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഈ പദ്ധതിയുടെ നടത്തിപ്പിന് 65% കേന്ദ്ര വിഹിതവും 35% സംസ്ഥാന സർക്കാർ വിഹിതവുമാണ്.

(സി) ഹയർ എഡ്യൂക്കേഷൻ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി ഒരു ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു പ്രോജക്ട് ഡയറക്ടറേയും അദ്ദേഹത്തിനെ സഹായിക്കാനായി ഒരു സെല്ലും രൂപീകരിച്ചിട്ടുണ്ട്. 12-ാം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 1133.56 കോടി രൂപയുടെ ശിപാർശകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ റൂസ മിഷൻ ചില വിശദീകരണങ്ങൾ ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പുതുക്കി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ റൂസ ഫണ്ട് നിക്ഷേപിക്കുന്നതിനായി കാനറാ ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. റൂസ പദ്ധതിക്കുവേണ്ടി കേന്ദ്രവിഹിതം ഉൾപ്പെടെ 10,35,00,000 രൂപ 2015-16 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly